ഉത്തരം

(എ&ബി) സംസ്ഥാനത്ത് നിലവിൽ പതിമൂന്ന് ലക്ഷത്തിൽപ്പരം പേർ വിധവാ പെൻഷൻ വാങ്ങിയിരുന്നു. ഇത്തരത്തിൽ വിധവാ പെൻഷൻ വാങ്ങുന്നവരിൽ ധാരാളം അനർഹർ ഉൾപ്പെട്ടിട്ടുണ്ടെന്ന വിവരം സർക്കാരിൽ ലഭിക്കുകയുണ്ടായി. വിവാഹമോചനത്തിനായി കേസ് നടക്കുന്ന സാഹചര്യത്തിലും ഭർത്താവുമായി അകന്ന് കഴിയുന്നവർക്കും വിധവാ പെൻഷൻ അനുവദിക്കുന്ന പ്രവണത പ്രാദേശിക സർക്കാരുകളിൽ കണ്ടുവരുന്നു. ഇത്തരത്തിൽ അനർഹർ സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നത് തടയേണ്ടത് സർക്കാരിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് അത്യാവശ്യവുമാണ്. അർഹരായവർക്ക് മാത്രമേ വിധവാ പെൻഷൻ അനുവദിക്കപ്പെടുന്നുള്ളൂവെന്ന് ഉറപ്പാക്കുന്നതിലേക്ക് ഇക്കാര്യത്തിൽ വ്യക്തത വരുത്തിക്കൊണ്ട് ഒരു പരിപത്രം പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ നിലവിൽ പെൻഷൻ അനുവദിച്ച് വിതരണം ചെയ്തു വരുന്നവരുടെ പെൻഷൻ നിർത്തലാക്കുന്നതിലേക്ക് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

**സാമൂഹ്യക്ഷേമ പെൻഷനുകൾ**

86(3816) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നൽകിവരുന്ന ക്ഷേമപെൻഷനുകൾ വർദ്ധിപ്പിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) ക്ഷേമ പെൻഷനുകൾ ഏകീകരിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുന്ന സമയം അറുനൂറ് രൂപയായിരുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ ആദ്യം ആയിരം രൂപയായും തുടർന്ന് അത് ആയിരത്തി ഒരുനൂറ് രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷനുകൾ എല്ലാ വർഷവും വർദ്ധിപ്പിക്കുന്നതാണെന്ന സർക്കാർ നയത്തിന്റെ ഭാഗമായി ആയിരത്തി ഒരുനൂറ് രൂപയായിരുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ 2019 ഏപ്രിൽ മുതൽ നൂറ് രൂപ വർദ്ധിപ്പിച്ച് ആയിരത്തി ഇരുനൂറ് രൂപയായി ഉയർത്തിയിട്ടുണ്ട്. സർക്കാർ ധനസഹായം ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡ് പെൻഷനുകൾ 1-4-2017 മുതൽ ആയിരത്തി ഒരുനൂറ് രൂപയായും 1-4-2019 മുതൽ ആയിരത്തി ഇരുനൂറ് രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. തനത് ഫണ്ടുപയോഗിച്ച് ഇതിനേക്കാൾ ഉയർന്ന നിരക്കിൽ പെൻഷൻ നൽകി വരുന്ന സ്വയം പര്യാപ്ത ക്ഷേമനിധി ബോർഡുകൾക്ക് ഉയർന്ന നിരക്കിൽ പെൻഷൻ നൽകുന്നതിനും അനുവാദം നൽകിയിട്ടുണ്ട്.

(ബി) ക്ഷേമ പെൻഷനുകൾ ഏകീകരിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly